വിശ്വാസി
ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 19 No. 06 PUBLISHED FROM DELHI PRICE Rs. 3/- JUNE 2015

# ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ രജത ജൂബിലി ആഘോഷങ്ങൾ തുടങ്ങി

**ന്യൂഡൽഹി**: ഉത്തരഭാരതത്തിലും കേരളത്തിലും പ്രേഷിത പ്രവർത്തനങ്ങളും സാമൂഹിക സേവനങ്ങളും ചെയ്തുവരുന്ന ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ (ഐ.സി.എം.) ഇരുപത്തിയഞ്ച് വർഷങ്ങൾ പിന്നിടുന്നു. രജത ജൂബിലി ആഘോഷങ്ങൾക്ക് വർണാഭമായ തുടക്കം കുറിച്ചുകൊണ്ട് 2015 മെയ് 17 ഞായറാഴ്ച വൈകിട്ട് 5:30ന് ന്യൂഡൽഹി ജയ്സിംഗ് റോഡിലെ വൈ.എം.സി.എ. ഓഡിറ്റോറിയത്തിൽ വച്ച് നടന്ന ജൂബിലി സമ്മേളനം പോക്കറ്റ് ടെസ്റ്റമെന്റ് ലീഗ് ഇന്ത്യ ഡയറക്ടർ റവ. പി.സി. അലക്സാണ്ടർ ഉദ്ഘാടനം ചെയ്തു. ക്രൈസ്തവ ജീവിതത്തിലെ നാഴികകല്ലുകൾ നമ്മേ ഓർമ്മിപ്പിക്കുന്നത് എബൻ-ഏസറായ ദൈവം നമ്മോട് കൂടെയുണ്ടന്നുള്ളതാണ്. വിവിധ നിലകളിൽ വ്യത്യസ്ഥ അനുഭവങ്ങളിലൂടെയാണ് പ്രേഷിത പ്രവർത്തനത്തിനായി ദൈവം നമ്മെ വേർതിരിക്കുന്നത്. മോശെയ്ക്ക് കത്തുന്ന മുൾപടർപ്പിൽ പ്രത്യക്ഷനായതുപോലെയുള്ള പ്രത്യേക ദൈവിക ദർശനവും സ്പർശനവും ഏവർക്കും ഉണ്ട്. ഓരോ നാഴികകല്ലുകൾ പിന്നിടുമ്പോഴും ആ പഴയ ദൈവിക സ്പർശനത്തെ ഓർക്കുന്നവരായി നാം മാറേണമെന്ന് അദ്ദേഹം ഓർപ്പിച്ചു.

സിൽവർ ജൂബിലി ആഘോഷകമ്മിറ്റി കൺവീനർ പാസ്റ്റർ ടി.ഡി. സുധാകരൻ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി ആമുഖ സന്ദേശം നൽകി. സമൂഹത്തിലെ പാർശവൽകൃതരെയും തിരസ്കിതരെയും തുടർന്നും സേവിക്കുവാൻ ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ ക്രിസ്തു സ്നേഹത്താൽ പ്രതിജ്ഞാബദ്ധമാണെന്ന് അദ്ദേഹം പ്രസ്താവിച്ചു.




വിശിഷ്ട അതിഥികൾ വേദിയിൽ

രജതജൂബിലി സ്മരണികയുടെ പ്രകാശനം റവ. ഡോ. ബിജു ജോൺ നിർവ്വഹിച്ചു. ആദ്യ പ്രതി റവ. ഡോ. വർഗ്ഗീസ് തോമസ് ഏറ്റുവാങ്ങി. റവ. ഷിബു കെ. മത്തായി (സീനിയർ പാസ്റ്റർ, ഷിഫാലിയ ചർച്ച് ) മുഖ്യ സന്ദേശം നൽകി.

സിസ്റ്റർ എലിസബത്ത് സാമുവൽ തന്റെ അനുഭവങ്ങൾ പങ്കുവച്ചു. പാസ്റ്റർ അനിയൻ ശാമുവേൽ (ഡയറക്ടർ, ഗുഡ്റ്റെയിഡിംഗ് മിനിസ്ട്രീസ്), പാസ്റ്റർ സുമേഷ് പി. ലാസർ (ഡീൻ, ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് അടൂർ), സുവിശേഷകൻ ജോൺ ശാമുവേൽ മണക്കാല, സഹോ. വിനോദ് കുമാർ (മാനേജർ, കെ.സി.ഡി.സി, കോച്ചസ്) എന്നിവർ ആശംസകൾ അറിയിച്ചു.

പാസ്റ്റർ ബിനോയി പി. ജോണിന്റെ നേതൃത്വത്തിൽ ഫെയ്ത്ത് സിയോൻ സിംഗേഴ്സ് സംഗീത വിരുന്ന് ഒരുക്കി. സഹോദരി സോണിയ ഷൈജു, സഹോദരൻ ആശിഷ് ചെറിയാൻ എന്നിവർ പ്രോഗാം ആങ്കർ ചെയ്തു. ഐ.സി.എം. ജനറൽ സെക്രട്ടറി പാസ്റ്റർ ബിനോയി പി. ജോൺ കൃതജ്ഞത രേഖപ്പെടുത്തി.

# ദൈവമാഗ്രഹിക്കുന്ന തലങ്ങളിലേക്ക് ഉയരുവാൻ വാഞ്ചയുള്ളവരാകുക:

**പാസ്റ്റർ ഷിബു കെ. മത്തായി**

**ന്യൂഡൽഹി**: ദൈവം ആഗ്രഹിക്കുന്ന തലങ്ങളിലേക്ക് ഉയരുവാനുള്ള വാഞ്ച എല്ലാ ദൈവഭൃത്യരിലും ഉണ്ടാകേണമെന്ന് പാസ്റ്റർ ഷിബു കെ. മത്തായി പ്രസ്താവിച്ചു. ഡൽഹിയിൽ നടന്ന ഐ.സി.എം. രജതജൂബിലി ആഘോഷത്തിൽ മുഖ്യ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. അബ്രഹാമിനെ ദൈവം പടിപടിയായി അനുഗ്രഹിച്ചു. എലയാസർ എന്ന ദാസനോ, ദാസിയായ ഹാഗാറിൽ പിറന്ന യിസ്മായേലോ അല്ല തന്റെ ഭാര്യയായ സാറയിൽ പിറന്ന വാഗ്ദത്ത സന്തതിയായ യിസഹാക്കാണ് തന്റെ യഥാർത്ഥ അവകാശി എന്ന് ദൈവം അബ്രഹാമിനെ ബോധ്യപ്പെടുത്തി. എലയാസർ എന്ന തലത്തിലോ യിസ്മായേൽ എന്ന തലത്തിലോ ഒതുങ്ങാതെ യിസഹാക്ക് എന്ന തലത്തിലേക്ക്

(ശേഷം രണ്ടാം പേജിൽ)



പാസ്റ്റർ ഷിബു കെ. മത്തായി മുഖ്യ സന്ദേശം നൽകുന്നു

# രജതജൂബിലി ആഘോഷം കേരളത്തിലും

**അടൂർ**: ഇന്ത്യൻ ക്രിസത്യൻ മിഷന്റെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കേരളാ റീജന്റെ ആഭിമുഖ്യത്തിൽ 2015 ജൂൺ 7ന് വൈകിട്ട് 5 മണി മുതൽ 8.30 വരെ അടൂർ ലോഗോസ് ആഡിറ്റോറിയത്തിൽ വച്ചും സ്തോത്ര ശുശ്രൂഷ നടക്കും. ഐ.സി.എം. കേരളാ റീജൻ കോ-ഓർഡിനേറ്റർ പാസ്റ്റർ എബി ജോർജിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന സമ്മേളനം കേരളാ റവന്യൂ വകുപ്പ് മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. പത്തനംതിട്ട എം.പി. ശ്രീ ആന്റോ ആന്റണി സ്മരണിക പ്രകാശനം ചെയ്യും. അടൂർ എം.എൽ.എ. ശ്രീ. ചിറ്റയം ഗോപകുമാർ വിദ്യാഭ്യാസ ധന സഹായം ഉദ്ഘാടനം ചെയ്യും. റവ. ജോയി എം. ജോർജ് മുഖ്യ പ്രഭാഷണം നടത്തും. അടൂർ മുൻസിപ്പൽ കോർപ്പറേഷൻ ചെയർമാൻ ശ്രീ. ഉമ്മൻ തോമസ്, വിവിധ സഭാ നേതാക്കൾ എന്നിവർ ആശംസകൾ അറിയിക്കും. ഐ.സി.എം. പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി ആമുഖ സന്ദേശം നൽകും. ഐ.സി.എമ്മിന്റെ സംഗീത വിഭാഗമായ ഫെയ്ത്ത് സീയോൻ സിംഗേഴ്സ് ഗാനങ്ങളാലപിക്കും.

സമ്മേളനത്തിന്റെ ഭാഗമായി ജൂബിലി വിളമ്പര ജാഥ ജൂൺ 5 ന് നടക്കും. സമ്മേളനത്തിന്റെ വിജയത്തിനായി വിവിധ കമ്മിറ്റികൾ പ്രവർത്തിക്കുന്നു.

*പത്രാധിപ ലേഖനം.......*

# നാഥന് നന്ദി



**1990** മാർച്ച് പത്ത് ഒരു പുതിയ മിഷന്റെ രൂപീകരണത്തിന്റെ ദിവസമായിരുന്നു. വ്യക്തമായ ദൈവികാലോചനയ്ക്ക് വിധേയനായാണ് വിശ്വാസം മാത്രം മൂലധനമാക്കി ഇന്ത്യൻ ക്രിസ്ത്യൻ മിഷന് തുടക്കം കുറിച്ചത്. പ്രസ്ഥാനത്തിന്റെ നടത്തിപ്പിനെക്കുറിച്ചുള്ള അനേകം ചോദ്യങ്ങൾക്കും സംശയങ്ങൾക്കും മുമ്പാകെ തെല്ലൊന്ന് പതറിയെങ്കിലും ഉപവാസത്തോടെ ദൈവസന്നിധിയിൽ മുട്ടുമടക്കി ദൈവഹിതം വ്യക്തമായി ഗ്രഹിക്കുകയും വിശ്വാസത്തോടെ ചുവടുകളെ മുമ്പോട്ടു വയ്ക്കുകയും ചെയ്തു.

കിംഗ്സ് വേ ക്യാമ്പിൽ ആരംഭിച്ച പ്രവർത്തനത്തിന്റെ തുടർച്ചയായി അടുത്തയാഴ്ച തന്നെ (മാർച്ച് 17, 1990) ദക്ഷിണ ഡൽഹിയിലും ഒരു സഭാ കൂടിവരവ് ആരംഭിച്ചു. അവിടെ നിന്നും ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെയും ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭകളുടേയും വളർച്ചയുടെ ചരിത്രം ആരംഭിക്കുകയായിരുന്നു. പിന്നീട് ഡൽഹിയിൽ പലസ്ഥലങ്ങളിലും ഉത്തർപ്രദേശിലെ നോയിഡയിലും രാജസ്ഥാനിലെ ജയ്പൂരിലും പ്രവർത്തനങ്ങൾ ആരംഭിച്ചു. അതിനു ശേഷം ദൈവിക നിയോഗപ്രകാരം ബീഹാറുകാരനായ രാധേഷാം എന്ന സുവിശേഷകൻ ഞങ്ങൾ പാർത്തിരുന്ന ഭവനത്തിലെത്തുകയും തന്റെ സ്വദേശത്ത് സുവിശേഷപ്രവർത്തനങ്ങൾക്കായി പോകാൻ താത്പര്യപ്പെടുകയും ചെയ്തു. 1992 ജൂൺ 16 ന് അദ്ദേഹത്തെ ഐ.സി.എമ്മിന്റെ മിഷനറിയായി ബീഹാറിലെ കോച്ചസ് പട്ടണത്തിലേക്ക് അയച്ചു. അതായിരുന്നു ബീഹാറിലെ ഐ.സി.എമ്മിന്റെ തുടക്കം.

1992 ഡിസംബർ 27ന് ആയിരുന്നു എന്റെ ആദ്യ ബീഹാർ യാത്ര. ആദ്യയാത്രയിൽ വളരെ വിചിത്രമായ അനുഭവങ്ങളെ നേരിടേണ്ടി വന്നു എങ്കിലും തന്റെ ദൗത്യനിർവ്വഹണത്തിനായി കർത്താവ് എന്നെ ബലപ്പെടുത്തി. ബിൽമാ ഗ്രാമത്തിൽ എത്തിച്ചേർന്ന രാത്രിയിലെ വചനശുശ്രൂഷയിൽതന്നെ 13 പേർ കർത്താവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു എന്നത് വളരെ സന്തോഷമുളവാക്കി. അല്പനേരം വിശ്രമിച്ചതിനു ശേഷം അർത്ഥരാത്രിയിൽ തന്നെ പാസ്റ്റർ രാധേഷാമിന്റെ വിവാഹശുശ്രൂഷ നടത്തുന്നതിനായി 430 കിലോമീറ്റർ അകലെയുള്ള പലാമു ജില്ലയിലെ ചാന്തുവാ ഗ്രാമത്തിലേക്ക് ബസ്സിൽ പുറപ്പെട്ടു. അടുത്ത ദിവസം ഏകദേശം അഞ്ചര മണിയോടെയാണ് അവിടെ എത്തിച്ചേർന്നത്. ഗ്രാമത്തിലെ ഒരു കുന്നിൻ മുകളിൽ ഒരുക്കപ്പെട്ട പന്തലും ക്രമീകരണങ്ങളും വിചിത്രമായിരുന്നു. ആ വിവാഹം ഞാൻ കാർമികത്വം നടത്തിയ ആദ്യവിവാഹമായിരുന്നു. അതും അരമണിക്കൂർ കൊണ്ട് ഹിന്ദി ഭാഷയിൽ. തടസ്സങ്ങൾ കൂടാതെ ശുശ്രൂഷകൾ ചെയ്യാൻ ദൈവം കൃപചെയ്തു (ഈ അനുഭവങ്ങൾ ഉടനെ പുറത്തിറങ്ങുന്ന *പ്രേഷിത ദൗത്യവുമായി വിശ്വാസ ചുവടുകളിൽ* എന്ന എന്റെ ആത്മകഥയിൽ വിശദമായി വായിക്കാവുന്നതാണ്). ബിൽമാ ഗ്രാമത്തിൽ ഞങ്ങൾ തിരികെയെത്തുമ്പോൾ വചനം കേട്ടവരിൽ ഏഴുപേർ സ്നാനപ്പെടുവാൻ തയ്യാറായി നിൽപ്പുണ്ടായിരുന്നു. അങ്ങനെ ബീഹാറിലെ ആദ്യസ്നാന ശുശ്രൂഷ ഞാൻ നടത്തി. അത് വളരെ നല്ലൊരു തുടക്കമായിരുന്നു. പിന്നീട് നിരവധി തവണ ബീഹാറിലെ മറ്റ് നൂറുകണക്കിന് ഗ്രാമങ്ങൾ സന്ദർശിച്ച് സുവിശേഷം പങ്കുവയ്ക്കുവാനും അനേകരെ സ്നാനപ്പെടുത്തുവാനും ക്രിസ്തുവിങ്കലേക്ക് നേടുവാനും ഉള്ള ഭാഗ്യം കർത്താവ് തന്നു.

1992 മുതൽ ബീഹാറിലേക്കുള്ള എന്റെ യാത്രകളിൽ സുവിശേഷവുമായി ഗ്രാമങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ മനസ്സിനെ അലോസരപ്പെടുത്തിയ കാഴ്ചകളിൽ പ്രധാനം പ്രാഥമിക വിദ്യാഭ്യാസം പോലും ലഭിക്കാതെ നൂറുകണക്കിന് കുഞ്ഞുങ്ങൾ അജ്ഞതയുടെ അന്ധകാരത്തിലേക്ക് ആണ്ടുപോകുന്നതായിരുന്നു. ആവശ്യത്തിന് വസ്ത്രങ്ങളില്ലാതെ, വൃത്തിയില്ലാതെ, പള്ളിക്കൂടത്തിന്റെ പടി കയറാൻ നിവൃത്തിയില്ലാത്ത കുഞ്ഞുങ്ങൾ, ഇരുളടഞ്ഞ ഭാവിയിലേക്കാണല്ലോ വളരുന്നതെന്ന് ഓർത്ത് ഹൃദയത്തിൽ ഭാരം തിങ്ങി വന്നു. അവയിൽ കുറെ പേരുടെ ജീവിതങ്ങളിലെങ്കിലും വിദ്യയുടെ തിരിനാളം കൊണ്ട് തിളക്കമാർന്നവയാക്കണമെന്ന് ദൈവത്തിൽ ആശ്രയിച്ച് തീരുമാനിച്ചു. ആ തീരുമാനത്തിന്റെ ഫലമായി ആദ്യത്തെ ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂൾ റോത്താസ് ജില്ലയിലെ ഹെൽഹാൻ ഗ്രാമത്തിൽ തുടങ്ങി. 2000-ൽ അതേ ജില്ലയിലെ ഖുഡുഹൂരിയ ഗ്രാമത്തിൽ രണ്ടാമത്തെ സ്കൂളും ആരംഭിച്ചു. മൂന്നാമത്തെ സ്കൂൾ ആരംഭിച്ചത് കോച്ചസിനു സമീപം നൊവാൻ എന്ന ഗ്രാമത്തിലായിരുന്നു. വർഷങ്ങളായി പ്രവർത്തനരഹിതമായ ഒരു കോളജ് കെട്ടിടം വാടകയ്ക്ക് എടുത്ത് സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചു. എന്നാൽ സ്കൂളിന്റെ അഭൂതപൂർവ്വമായ വളർച്ചകണ്ട് കോളജ് അധികൃതർ ഞങ്ങളെ അവിടെ നിന്നും ഒഴുപ്പിച്ചുവെങ്കിലും അതിനടുത്തുള്ള ഗ്രാമത്തിൽ താത്കാലിക ഷെഡുകൾ പണിത് സ്കൂൾ അവിടേക്ക് മാറ്റുവാൻ ആ ഗ്രാമവാസികൾ സഹായിച്ചു. പിന്നീട് ഈ സ്കൂൾ കോച്ചസ് പട്ടണത്തിൽ പുതിയതായി നിർമ്മിച്ച ഒരു കെട്ടിടം വാടകയ്ക്കെടുത്ത് അങ്ങോട്ടു മാറ്റി. ഇന്ന് 600ഓളം വിദ്യാർത്ഥികൾ പ്രൈമറി ക്ലാസ്സുകൾ തുടങ്ങി എട്ടാം ക്ലാസ്സുവരെ ഇവിടെ പഠിക്കുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കൂടുതൽ കുഞ്ഞുങ്ങൾക്ക് നൽകുക എന്ന ആഗ്രഹത്തോടെ 2011 ൽ കോച്ചസിൽ നിന്നും 20 കിലോമീറ്റർ അകലെ സന്തുവാർ ഗ്രാമത്തിൽ ഐ.സി.എം. അക്കാദമി ആരംഭിച്ചു. തുടർന്ന് ഖുഡുഹൂരിയ, നൊവാൻ, പനാലി, ഗാസ തുടങ്ങിയ ഗ്രാമങ്ങളിലും ആരംഭിച്ചു അക്കാദമികളിൽ 500ഓളം കുട്ടികൾ പഠിക്കുന്നു. ഇന്ത്യൻ ക്രിസ്ത്യൻ മിഷനും കംപാഷൻ ഈസ്റ്റ് ഇന്ത്യയും ചേർന്ന് 2002ൽ കോച്ചസിലാരംഭിച്ചതാണ് കോച്ചസ് ചൈൽഡ് ഡവലപ്മെന്റ് സെന്റർ. നിർദ്ധനരായ കുട്ടികളെ ശാരീരികവും മാനസികവും ആത്മികവും സാമൂഹികവും വിദ്യാഭ്യാസപരവുമായി ഔന്നത്യത്തിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്. നൂറ്റിത്തൊണ്ണൂറ് കുട്ടികളും അവരുടെ കുടുംബാംഗങ്ങളുമാണ് കെ.സി.ഡി.സി.യുടെ ഉപഭോക്താക്കൾ. ഇവിടുത്തെ ആദ്യ ബാച്ചിലെ വിദ്യാർത്ഥകൾ വിവിധ കോഴ്സുകൾ പഠിച്ച് ബിരുദധാരികളായി പുറത്ത് വന്നതിലുള്ള അതിയായ സന്തോഷം ഞങ്ങൾക്കുണ്ട്. അങ്ങനെ ബീഹാറിലെ കുഗ്രാമങ്ങളെ ആത്മിയപരമായി മാത്രമല്ല, വിദ്യാഭ്യാസപരമായും കൈപിടിച്ചുയർത്താൻ ഉള്ള പ്രയത്നം നടത്താൻ എളിയരീതിയിൽ ഐ.സി.എമ്മിനും കഴിയുന്നുവെന്നതിൽ ഞങ്ങൾക്ക് ചാരിതാർത്ഥ്യമുണ്ട്.

ഉത്തരേന്ത്യയിൽ സുവിശേഷ വേലയ്ക്ക് പ്രാമുഖ്യം നൽകിക്കൊണ്ടായിരുന്നു ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ ആവിർഭാവമെങ്കിലും ഞാൻ ജനിച്ചുവളർന്ന നാട്ടിലും പ്രവർത്തനങ്ങൾ നടത്തണമെന്ന ആഗ്രഹമനുസരിച്ച് ദൈവത്തോട് പ്രാർത്ഥിച്ചപ്പോൾ ലഭിച്ച ദൈവികാലോചനയിൻ പ്രകാരം മിഷന്റെ പ്രവർത്തനം കേരളത്തിലും ആരംഭിച്ചു. ഫെയ്ത്ത് ഫെലോഷിപ്പിന്റെ കേരളത്തിലെ ആദ്യസഭ 1993 ഏപ്രിൽ 11ന് കൊടുമണ്ണിൽ ആരംഭിച്ചു. ഇപ്പോൾ കൊടുമൺ കൂടാതെ അടൂർ, അന്തിച്ചിറ, ഐവർകാല, മാഞ്ഞാലി, നെല്ലിമുകൾ, പഴകുളം, തെങ്ങമം, വടശ്ശേരിക്കര, കണ്ണമം എന്നിവിടങ്ങളിൽ സഭയുടെ കൂടിവരവുകൾ ഉണ്ട്. ഐ.സി.എമ്മിന്റെ ചുമതലയിൽ പ്രവർത്തിക്കുന്ന ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് പത്താം വർഷത്തിലേക്ക് പ്രവേശിക്കുന്നു.

ഐ.സി.എമ്മിന്റെ രജതജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ കഴിഞ്ഞുപോയ വർഷങ്ങളിൽ സത്യസുവിശേഷത്തിനുവേണ്ടി നിലകൊള്ളുവാനും കർത്താവിന്റെ വരവിനായി ഒരു കൂട്ടത്തെ ഒരുക്കുവാനും കഴിഞ്ഞതിൽ സന്തോഷിക്കുന്നു. കഴിഞ്ഞ മെയ് 17-ാം തീയതി ഡൽഹിയിലെ വൈ.എം.സി.എ. ഹാളിൽ വച്ച് സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് വർണ്ണാഭമായ നിലയിൽ തുടക്കമായി. ഈ ലക്കം *വിശ്വാസി* മാസിക നിങ്ങളുടെ കൈയ്യിൽ എത്തുമ്പോഴേക്കും അടൂരിൽ വച്ച് വിവിധ പരിപാടികളോടെ കേരളാ റീജന്റെ ആഘോഷങ്ങൾ ജൂൺ 7ന് നടന്നിരിക്കും.

ഇത്രത്തോളം നടത്തിയ നാഥന് നന്ദി അർപ്പിച്ചുകൊണ്ട് ഇനിയും കർത്താവിനായി ശക്തമായി പ്രയോജനപ്പെടുവാൻ എന്നെയും എന്റെ സഹപ്രവർത്തകരേയും ദൈവസന്നിധിയിൽ സമർപ്പിക്കുന്നു.

**പാസ്റ്റർ എം. സാമുവൽകുട്ടി**

# ആശയവിനിമയവും ക്രിസ്തുശൈലിയും

(നാലാം പേജിൽ നിന്നുള്ള തുടർച്ച)

ത്തിന്റെ വിവിധ രംഗത്തുള്ള വ്യക്തികൾ യേശുവിനെ സമീപിച്ചു. യേശു അവരെ മനസിലാക്കുകയും അവരുടെ ഭാഷകളിലും ചിന്തയിലും ആശയങ്ങൾ പങ്കിടുകയും ചെയ്തു.

അപമാനിതരും അവകാശരഹിതരും തിരസ്കൃതരുമായ ജനതയെ യേശു അന്വേഷിച്ചു. മനുഷ്യന്റെ വ്യക്തിത്വവും അന്തസും ഹനിക്കുന്ന എല്ലാ ജാതീയ ക്രമങ്ങളേയും യേശു നിശിതമായി വിമർശിച്ചു. തിരഞ്ഞെടുക്കപ്പെട്ട ജനമെന്ന പഴയനിയമ സങ്കൽപ്പത്തെ സർവ്വജാതിക്കും സർവ്വലോകത്തിനും എന്ന പ്രഖ്യാപനത്താൽ വിശാലമാക്കി. നിയമത്തിന്റെയും പ്രമാണത്തിന്റെയും സ്ഥാനത്ത് യേശു സ്നേഹത്തെ പ്രതിഷ്ഠിക്കുന്നു. പാപികളെ വ്യക്തിപരമായി സ്നേഹിക്കുന്ന പുതിയ സംവേദന ശൈലി യേശു സൃഷ്ടിച്ചു. മനുഷ്യ-ദൈവ ബന്ധം പുനഃസൃഷ്ടിക്കുന്ന “ജഡധാരിയായ ക്രിസ്തു” ആശയ സംവേദനത്തിന്റെ തികവുറ്റ രഹസ്യമാണ്. തന്റെ ആശയങ്ങളെ മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കാതെ കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ എന്ന സ്വാതന്ത്രബോധവും ആശയസംവേദനത്തിലൂടെ കർത്താവ് സൃഷ്ടിക്കുന്നു.

ശ്രോതാക്കളുടെ ആശയങ്ങളെ ഉൾക്കൊള്ളുന്ന രീതിയ്ക്ക് ഉദാഹരണങ്ങളാണ് ശമര്യാക്കാരി സ്ത്രീയും നിക്കോദിമോസും. യേശുവിന്റെ ഗിരിപ്രഭാഷണം കഴിഞ്ഞപ്പോൾ ജനം അവന്റെ ഉപദേശത്തിൽ വിസ്മയിച്ചു. കേൾവിക്കാരുടെ പങ്കാളിത്തത്തിനായി ചോദ്യങ്ങൾ ചോദിക്കുവാനും മറുപടി കൊടുക്കുവാനുള്ള ശൈലിയും കർത്താവ് ഉൾക്കൊണ്ടു. വ്യക്തിബന്ധങ്ങളിൽ കേന്ദ്രീകൃതമായി വളർന്ന് വികസിച്ച ക്രിസ്തുവിന്റെ സംവേദനതലം കൂട്ടായ പ്രവർത്തനത്തിനും സാമൂഹിക മാറ്റത്തിനും ശക്തി പകർന്നു. പ്രസ്തുത ക്രിസ്തുശൈലി പ്രായോഗിക തലത്തിൽ പുരോഗതി ഉണ്ടാക്കുവാൻ പര്യാപ്തമാകട്ടെ.

# ദൈവമാഗ്രഹിക്കുന്ന തലങ്ങളിലേക്ക് ഉയരുവാൻ വാഞ്ചയുള്ളവരാകുക

(ഒന്നാം പേജിൽ നിന്നുള്ള തുടർച്ച)

അബ്രഹാം ഉയരണം എന്ന് ദൈവം ആഗ്രഹിച്ചു. ദൈവം അബ്രഹാമിനു കൊടുത്ത നാല് അനുഗ്രഹങ്ങളിൽ മൂന്നും തന്റെ കാലഘട്ടത്തിൽ തന്നെ അബ്രഹാം പ്രാപിച്ചു, അനുഭവിച്ചു. നിന്നിലൂടെ സകല ജാതികളും അനുഗ്രഹിക്കപ്പെടുമെന്ന നാലാമത്തെ അനുഗ്രഹം യേശുക്രിസ്തുവിലൂടെ ഇന്നും ലോകത്തിൽ നിറവേറപ്പെട്ടുകൊണ്ടിരിക്കുന്നു.

വാഗ്ദത്തങ്ങൾ നിരവധി പ്രാപിച്ചെങ്കിലും പലപ്പോഴും സാഹചര്യങ്ങളാൽ തകർന്നു പോകുന്ന നമ്മേ നോക്കി അബ്രഹാമിന്റെ ദൈവം പറയുന്നു, ഈ അവസ്ഥയിൽ അഥവ ഈ തലത്തിൽ ഒതുങ്ങുന്ന അനുഗ്രഹമല്ല നമുക്കായി കരുതിയിരിക്കുന്നത്. ഇതിലും ഉയർന്ന തലത്തിലെ അനുഗ്രഹം നമ്മേ കാത്തിരിക്കുന്നു. അത് പ്രാപിപ്പാൻ നാം വാഞ്ചിക്കണം. ഇത് മതി കർത്താവേ എന്ന് പറഞ്ഞ് തളർന്നിരിക്കുന്ന അനുഭവം മാറ്റണം. അത് വ്യക്തിജീവിതത്തിലായാലും സഭയുടെയോ പ്രസ്ഥാനത്തിന്റെ കാര്യത്തിലായാലും വേണം. ഇതുവരെ ചെയ്തതല്ല കർത്താവേ അതിലുപരിയായി ദൈവരാജ്യവ്യാപ്തിക്കായി ഇനിയും കൂടുതൽ പ്രവർത്തിപ്പാൻ ഞങ്ങൾ തയ്യാറാണ് എന്ന് ഐ.സി.എമ്മിന്റെ പ്രവർത്തകർക്കൊപ്പം നമുക്കും പറയാം എന്ന് പാസ്റ്റർ ഷിബു ആഹ്വാനം ചെയ്തു.

**വരിസംഖ്യ നിരക്ക് ഒരുവർഷത്തേക്ക്**

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |


**ക്ഷണിക്കുന്നു**

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*

**എഡിറ്റോറിയൽ ബോർഡ്**

**ചീഫ് എഡിറ്റർ**
പാസ്റ്റർ എം. സാമുവൽകുട്ടി

**അസ്സോസിയേറ്റ് എഡിറ്റേഴ്സ്**
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

**പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ**
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

# ഡൽഹിയിൽ നടന്ന ഐ.സി.എം. രജതജൂബിലി ആഘോഷത്തിന്റെ ദൃശ്യങ്ങൾ



പാസ്റ്റർ ഏബ്രഹാം വർഗ്ഗീസിന്റെ ആമുഖ പ്രാർത്ഥന



പാസ്റ്റർ ടി.ഡി. സുധാകരന്റെ അദ്ധ്യക്ഷ പ്രസംഗം




റവ. പി.സി. അലക്സാണ്ടർ രജത ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്യുന്നു



ഐ.സി.എം. പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി ആമുഖ പ്രസംഗം നടത്തുന്നു



രജത ജൂബിലി സ്മരണിക റവ. ഡോ. ബിജു ജോൺ പ്രകാശനം ചെയ്യുന്നു റവ. ഡോ. വർഗ്ഗീസ് തോമസ്, പാസ്റ്റർ എം. സാമുവൽകുട്ടി എന്നിവർ സമീപം




മിസിസ്സ് എലിസബത്ത് സാമുവൽ തന്റെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നു



പാസ്റ്റർ അനിയൻ സാമുവൽ ആശംസാസന്ദേശം അറിയിക്കുന്നു




സുവിശേഷകൻ ജോൺ ശാമുവൽ ആശംസാസന്ദേശം അറിയിക്കുന്നു




പാസ്റ്റർ സുമേഷ് പി. ലാസർ ആശംസാസന്ദേശം അറിയിക്കുന്നു



സദസിന്റെ ഒരു ദൃശ്യം

87, Tenement-II, RBTB Hospital, Kingsway Camp, Delhi-110009 India

# VISWASI

NEWSPAPER REGN. No. 65362 / 97
POSTAL REGN.NO. DL 07 / 0138 / 15- 17
Date of Publication - 5th June 2015

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

Price Rs. 3/-

വചനദീപ്തം

## ആശയവിനിമയവും ക്രിസ്തുശൈലിയും

പാസ്റ്റർ മനോജ് തമ്പി, അടൂർ



പ്രപഞ്ചത്തിന്റെ ഉൽപ്പത്തി മുതൽ എല്ലാ തലമുറകളിലും അനുസ്യൂതം നടക്കുന്ന പ്രക്രിയയാണ് ആശയസംവേദനം അഥവാ ആശയ വിനിമയം. മനുഷ്യബന്ധങ്ങൾ സൃഷ്ടിക്കപ്പെടുകയും പരിരക്ഷിക്കപ്പെടുകയും നൈസർഗ്ഗികമായ വികാരവിചാരങ്ങളുടെ വിനിമയം സാധ്യമാകുകയും ചെയ്യപ്പെടുന്നത് ആശയസംവേദനത്തിലൂടെയാണ്. പ്രാകൃതയുഗത്തിൽ മനുഷ്യർ തീ പന്തങ്ങൾ തെളിച്ചും പെരുംമ്പറകൾ മുഴക്കിയും സംവേദനം നടത്തി. പൊട്ടിച്ചിരികളും അട്ടഹാസങ്ങളും ആക്രോശങ്ങളും വിനിമയോപാധികളാക്കി. ക്രമേണ ആംഗ്യങ്ങൾക്കും ശബ്ദങ്ങൾക്കും അടുക്കും ചിട്ടയും വന്നതോടെ ഭാഷകൾ രൂപം കൊണ്ടു. അതോടെ വിനിമയ സങ്കേതങ്ങൾക്ക് പുതിയ രൂപഭാവങ്ങളുണ്ടായി. പല നൂറ്റാണ്ടുകൾ കഴിഞ്ഞതോടെ ആശയസംവേദനം ശബ്ദങ്ങളിൽ നിന്ന് ചിഹ്നങ്ങളിലേക്ക് മാറി. വാമൊഴി- വരമൊഴികളിൽ കൂടെയുള്ള ആശയസംവേദനത്തിന് പുത്തൻ രൂപവും ഭാവവും ലഭിക്കുന്നത് അച്ചടിയന്ത്രത്തിന്റെ വരവോടെയാണ്.

ഇത് മതസമൂഹങ്ങളിൽ വ്യാപകമായ പ്രതിഫലനങ്ങൾ സൃഷ്ടിച്ചു. മതമേധാവികളും പുരോഹിതവർഗ്ഗങ്ങളും ആധിപത്യം ഉറപ്പിച്ചിരുന്ന വേദജ്ഞാനം അച്ചടിച്ച് സാധാരണക്കാരിൽ എത്തിച്ചതോടെ അവയ്ക്ക് ജനകീയ സ്വഭാവം ലഭ്യമായി. ജ്ഞാനം എല്ലാവർക്കും ലഭ്യമായത് സമൂഹത്തിൽ നവോത്ഥാന പ്രക്രിയയ്ക്ക് ആരംഭം കുറിച്ചു. 18-ാം നൂറ്റാണ്ടുമുതൽ ആശയ വിനിമയ രംഗത്ത് നിരവധി കുതിച്ച് ചാട്ടങ്ങൾ നടന്നു. അച്ചടി, പത്രമാധ്യമം, റേഡിയോ, ടെലിവിഷൻ, കമ്പ്യൂട്ടർ, ഇന്റർനെറ്റ് തുടങ്ങിയ പുതിയപുതിയ സങ്കേതങ്ങൾ ആശയ വിനിമയസാധ്യതയ്ക്ക് നിറച്ചാർത്ത് നൽകി. അച്ചടി മാധ്യമത്തിൽ നിന്നും ഇന്റർനെറ്റ് തരംഗങ്ങളിലേക്ക് ആശയവിനിമയ പ്രക്രിയ അതിവേഗം എത്തിയപ്പോൾ വിജ്ഞാന വ്യാപനത്തിന് പ്രകാശവേഗത കൈവന്നു. ആഗോള കമ്പ്യൂട്ടർ ശൃംഖലകൾ ലോകത്തെ ചെറുതാക്കി. പ്രപഞ്ചത്തിന് ചുറ്റും നിർമ്മിച്ച 'കമ്പ്യൂട്ടർ വല' എല്ലാ വിവരങ്ങളും നിമിഷങ്ങൾക്കുള്ളിൽ ലഭ്യമാക്കുന്നു.

**അപമാനിതരും അവകാശരഹിതരും തിരസ്കൃതരുമായ ജനതയെ യേശു അന്വേഷിച്ചു. മനുഷ്യന്റെ വ്യക്തിത്വവും അന്തസ്സും ഹനിക്കുന്ന എല്ലാ ജാതീയ ക്രമങ്ങളേയും യേശു നിശിതമായി വിമർശിച്ചു. തിരഞ്ഞെടുക്കപ്പെട്ട ജനമെന്ന പഴയ നിയമ സങ്കൽപ്പത്തെ സർവ്വജാതിക്കും സർവ്വ ലോകത്തിനും എന്ന പ്രഖ്യാപനത്താൽ വിശാലമാക്കി. നിയമത്തിന്റെയും പ്രമാണത്തിന്റെയും സ്ഥാനത്ത് യേശു സ്നേഹത്തെ പ്രതിഷ്ഠിക്കുന്നു. പാപികളെ വ്യക്തിപരമായി സ്നേഹിക്കുന്ന പുതിയ സംവേദനശൈലി യേശു സൃഷ്ടിച്ചു**

ആശയസംവേദനത്തിൽ യേശുക്രിസ്തു സ്വീകരിച്ച മാർഗ്ഗങ്ങൾ ശ്രദ്ധേയമാണ്. രണ്ടായിരത്തിൽ പരം വർഷങ്ങൾക്കു മുൻപ് ലഭ്യമായിരുന്ന എല്ലാ ഉപാധികളും വാമൊഴി സംവേദനത്തിൽ യേശു ഫലപ്രദമായി ഉപയോഗിച്ചു. യേശുവിന്റെ സംവേദന ശൈലി ശക്തവും ലളിതവും ഫലപ്രദവും വ്യക്തിപരവും ആയിരുന്നു. യേശു ഉപയോഗിച്ച മുഖ്യമായ മാധ്യമം വാക്കുകളായിരുന്നു. യേശുവിന്റെ ശ്രോതാക്കളിൽ ഭൂരിപക്ഷം പേരും അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയിരുന്നു. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അടർത്തിമാറ്റപ്പെട്ടവർക്ക് മനസിലാകുന്ന നിലയിൽ യേശു സംവേദിച്ചു.

സാമൂഹിക ജീവിതത്തിന്റെ വ്യത്യസ്ത മേഖലകളെ വിശദമാക്കുവാൻ യേശു ഉപമകൾ ഉപയോഗിച്ചു. ശാസ്ത്രിമാർ, പരീശന്മാർ, ധനികർ, ദരിദ്രർ, സ്ത്രീകൾ, കുട്ടികൾ, മീൻ പിടുത്തക്കാർ, കൃഷിക്കാർ തുടങ്ങി ജീവിത

(ശേഷം രണ്ടാം പേജിൽ)

ക്രമീകൃത വേദപഠനത്തിന് ഒരു അംഗീകൃത സ്ഥാപനം

### ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്

(ഒരു ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്ഥാപനം)

വിജയകരമായ പത്താം വർഷത്തിലേക്ക് പ്രവേശിക്കുന്നു

| കോഴ്സ് | കാലദൈർഘ്യം | യോഗ്യത | മാധ്യമം |
|---|---|---|---|
| ബാച്ചിലർ ഇൻ തിയോളജി | 3 വർഷം | +2, എച്ച്. എസ്. ഇ. | ഇംഗ്ലീഷ് |
| ബാച്ചിലർ ഇൻ തിയോളജി (എക്സ്റ്റണൽ) | 3 വർഷം | +2, എച്ച്. എസ്. ഇ. | ഇംഗ്ലീഷ് |
| സർട്ടിഫിക്കറ്റ് ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |

സവിശേഷതകൾ

സുവിശേഷീകരണത്തിൽ പ്രായോഗിക പരിശീലനം
യോഗ്യതയും ആത്മനിറവുമുള്ള അധ്യാപകർ
പഠനാനന്തരം ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ
അയാട്ട (IATA) അംഗീകൃതം

പരിമിതമായ സീറ്റുകൾ. ഉടൻ അപേക്ഷിക്കുക

*റഗുലർ ബാച്ചിൽ പഠിക്കുവാൻ കഴിയാത്ത ഉദ്യോഗസ്ഥർക്കും സുവിശേഷവേലയിൽ താല്പര്യമുള്ള കുടുംബസ്ഥർക്കും വേണ്ടി സി.റ്റി.എച്ച് സായാഹ്ന കോഴ്സ്.*

അടുത്ത ബാച്ച് 2015 ജൂൺ7ന് ആരംഭിക്കുന്നു. പ്രോസ്പക്ടസിനും അപേക്ഷാഫോറത്തിനും കോളജുമായി ബന്ധപ്പെടുക.

Faith Celebration Bible College, Shanthy Nagar, Police Station Road, Adoor PO, Pathanamthitta, Kerala 691523, Ph. 04734 - 225213, 9961813058 E-Mail:- fcbcadur@yahoo.com, Website: www.indianchristianmission.com

ഉറവ

## ടൈം മാനേജ്മെന്റിനുള്ള ടെക്നിക്



ഇവാ. ജോൺ സാമുവൽ മണക്കാല

ഇതിനൊക്കെ എവിടെയാ നേരം... ഒന്നിനും സമയം കിട്ടുന്നില്ല. ഇങ്ങനെ സമയത്തെ പഴിചാരിയാൽ അത് തിരിച്ച് പ്രതികരിക്കയില്ലല്ലോ. സമയത്തെ പ്രതിയാക്കി രക്ഷപ്പെടുന്നവരിൽ സമൂഹത്തിലെ എല്ലാ വിഭാഗക്കാരുമുണ്ട്. ജോലി ചെയ്യുകയും കുടുംബം നോക്കുകയും പ്രേഷിതശുശ്രൂഷ ചെയ്യുകയും ചെയ്യുന്നവരിലാണ് ഈ വായ്ത്താരി കൂടുതലായി നാം കേൾക്കുന്നത്. ഒരു ദിവസത്തെ സമയം 24 മണിക്കൂറിൽ കൂടുതൽ കൂട്ടിക്കിട്ടാൻ ഒരു വഴിയുമില്ലാത്ത സാഹചര്യത്തിൽ ഉള്ള സമയം നന്നായി പങ്കിട്ടുപയോഗിക്കുന്നതാണ് ബുദ്ധി.

സമയമില്ലെന്നു പറഞ്ഞു ടെൻഷനടിക്കുന്നവരോട് ഒന്നേ പറയാനുള്ളു, നന്നായി സമയത്തെ കീറി മുറിച്ച് നിങ്ങൾക്ക് വേണ്ട രീതിയിൽ പകുത്തുവെയ്ക്കുക. രാവിലെ ഉണരുന്നതു മുതൽ രാത്രി കിടക്കുന്നതു വരെ നിങ്ങൾക്കു ചെയ്യേണ്ട പ്രധാനപ്പെട്ട കാര്യങ്ങൾക്ക് സമയം നിശ്ചയിക്കുക. ദിനചര്യകൾക്കും ഭക്ഷണത്തിനും ഡ്രസ് മാറുന്നതിനും ഒരുക്കത്തിനും ഉറക്കത്തിനും വിനോദത്തിനും പ്രാർത്ഥനയ്ക്കും അങ്ങനെ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത എല്ലാറ്റിനും സമയം നിശ്ചയിക്കുക. അനാവശ്യമായി സമയം ഏതിനെങ്കിലും പാഴാക്കുന്നുണ്ടെങ്കിൽ അത് മനസ്സിലാക്കി സമയത്തെ തിരിച്ചുപിടിക്കുക. സമയം ചോരാതിരിക്കുവാൻ പ്രവർത്തികളുടെ വേഗം അൽപം കൂട്ടി സമയം നേരെയാക്കാം.

സമയപ്പട്ടിക നോക്കിയല്ല ഓരോ കാര്യവും തീരുമാനിക്കുകയെന്ന് മനസിലിപ്പോൾ തോന്നിക്കാണും. അതെ, പട്ടിക തയ്യാറാക്കി വച്ചില്ലെങ്കിലും മനസ്സിൽ ഒരു ഏകദേശ സമയപട്ടിക അറിയാതെ ഒരുക്കിയാണ് ഓരോ ദിവസവും നാം കാര്യങ്ങൾ ചെയ്തു തീർക്കുന്നത് എന്നത് യാഥാർത്ഥ്യമാണ്. സത്യത്തിൽ ടൈം മാനേജ്മെന്റ് ഒരു ശീലമാണ്. കുട്ടിക്കാലത്ത് തന്നെ അത് വളർത്തിയെടുത്താൽ ജീവിതത്തിൽ സമയമില്ലെന്ന് പറയുന്നവരുടെ കൂട്ടത്തിൽ പെടാതിരിക്കാം. ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്തു ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നവരെല്ലാം നല്ല ടൈം മാനേജ്മെന്റ് ഉള്ളവരാണ്. കുടുംബത്തിലും കരിയറിലും അവർക്കു വിജയം കൂടെയുണ്ടാകും.

മധ്യവേനൽ അവധി ആഘോഷങ്ങൾക്ക് തത്കാലം വിരാമം കുറിച്ചിട്ട് കുട്ടികൾ വീണ്ടും കലാലയങ്ങളിലേക്കുള്ള യാത്ര തുടരുകയാണ്. ഉണരുന്നതിനും ഉറങ്ങുന്നതിനും ഒരു കൃത്യസമയം ക്രമീകരിക്കുന്നത് തികച്ചും ഉചിതമായിരിക്കും. ഇന്നു ചെയ്യാനുള്ള കാര്യങ്ങൾ എന്തൊക്കെ എന്നറിയാതെ രാവിലെ കിടക്കപ്പായിൽ നിന്ന് എഴുന്നേറ്റാൽ കാര്യങ്ങൾ കുഴഞ്ഞുമറിയുവാൻ സാധ്യതകൾ ഏറെയാണ്. അനുദിനം ചെയ്തു തീർക്കേണ്ട കാര്യങ്ങൾ അന്നന്നുതന്നെ ചെയ്തു തീർക്കാൻ പ്രതിജ്ഞാബദ്ധരായിരിക്കേണം. പ്രഭാതത്തിൽ ഭ്രാന്തെടുത്തതുപോലെ ഓടി ക്ഷീണിച്ചു അലയുന്നതിനേക്കാൾ ഉത്തമം മടിയൊന്നു മാറ്റി തലേന്നു രാത്രി ഉറങ്ങുന്നതിനു മുൻപ് നാളെ ചെയ്യേണ്ടവ ഓർത്തെടുക്കണം. ചില ഒരുക്കങ്ങൾ ചെയ്യുകയുമാകാം. ഇടേണ്ട വേഷം (യൂണിഫോം) റെഡിയാണോയെന്ന് നോക്കണം. ഇല്ലായെങ്കിൽ തേച്ചു തയ്യാറാക്കുക. ബാഗും മറ്റും എടുക്കാൻ പാകത്തിന് വയ്ക്കാം. ഫയലുകൾ ഒരുക്കി വയ്ക്കുക. അങ്ങനെ നാളത്തേക്ക് ഇന്നു തന്നെ ചിലകാര്യങ്ങൾ ക്രമീകരിച്ചു വയ്ക്കുക.

കമ്പ്യൂട്ടർ കണ്ടുപിടിച്ചത് സഹായകരമാണെങ്കിലും മറ്റൊരു തരത്തിൽ വിനയുമായെന്ന് പറയാം. മണിക്കൂറുകൾ കമ്പ്യൂട്ടറിന്റെ മുൻപിലും മറ്റിതര സോഷ്യൽ മീഡിയകളിലും സമയം ചിലവഴിച്ചാൽ മറ്റ് പലകാര്യങ്ങൾ ചെയ്യേണ്ടുന്ന സമയം അത് അപഹരിക്കുകയാണ് ചെയ്യുന്നത്.

അതുപോലെ തന്നെ അടുക്കളപണി തലവേദനയാണന്ന് പറയുന്ന ന്യൂജനറേഷൻകാരും ശ്രദ്ധിക്കുക. ടൈം മാനേജ്മെന്റ് ബാധകമാക്കിയാൽ കാര്യങ്ങൾ എളുപ്പത്തിൽ നിസാരമായി തീർക്കാം. സമയബന്ധിതമായി ഓരോ കാര്യങ്ങളും ചെയ്താൽ പാഴായിപോകാവുന്ന ജീവിതം വിജയസോപാനത്തിലേക്ക് ആനയിക്കുവാൻ നമുക്ക് സാധിക്കും.

കർത്തൃശുശ്രൂഷയിൽ ആയിരിക്കുന്ന അനേകർ പറയുന്നു; "നല്ല തിരക്കാണ്, എല്ലായിടത്തും ഓടിയെത്താൻ സാധിക്കുന്നില്ല, ഒന്നിനും ഒരു സമയവും കിട്ടുന്നില്ല, പ്രാർത്ഥിക്കാനും ബൈബിൾ വായിക്കാനും ഒക്കെ എവിടെ സമയം ...." വാക്കുകൾ നീളുന്നു. പ്രിയരേ, ടൈം മാനേജ്മെന്റിന്റെ ടെക്നിക് മനസ്സിലാക്കി ഇത് ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിക്കണം. ഒരേ സമയം പലകാര്യങ്ങൾ ചെയ്യുന്ന മാജിക്കൽ റിയലിസം മറ്റു പലരെപോലെ നിങ്ങൾക്കില്ലായിരിക്കാം. പക്ഷെ ഇനിയുള്ള കാലം വിലപെട്ട സമയം പാഴാക്കരുത്. നഷ്ടപ്പെട്ട, നഷ്ടപ്പെടുത്തിയ സമയം തിരിച്ചെടുക്കാനും സാധ്യമല്ല എന്ന യാഥാർത്ഥ്യം വിസ്മരിക്കയുമരുത്!

Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442